തീരുമാന പ്രകാരം സ്ഥിരനിയമനം നൽകുകയുണ്ടായി. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 51 പേരെയും കരാർ അടിസ്ഥാനത്തിൽ 32 പേരെയും ദിവസവേതനാടിസ്ഥാനത്തിൽ 79 പേരെയും നിയമിക്കുകയുണ്ടായി. വിശദമായ ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം-II) കോർപ്പറേഷന്റെ വാർഷിക കണക്കെഴുത്ത് പൂർത്തീകരിക്കുന്നതിലേയ്ക്കായി പത്രപരസ്യം നൽകി എഴുത്തു പരീക്ഷയുടേയും അഭിമുഖത്തിന്റേയും അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതുവരെ ഒരു വർഷത്തേയ്ക്കാണ് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നത്. കോർപ്പറേഷന്റെ ദൈനംദിന ജോലികൾ ചെയ്യുന്നതിലേക്കായി അത്യാവശ്യ ഘട്ടങ്ങളിൽ ദിവസവേതനക്കാരെ നിയമിക്കുകയും ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് അവരുടെ സേവനം അവസാനിപ്പിക്കാറുമുണ്ട്.

(ഇ) സ്ഥിര നിയമനം നടത്തിയത് ഒരു പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതയെയാണ്.

വിദ്യാർത്ഥികൾക്ക് പിന്നോക്ക സമുദായ ക്ഷേമവകുപ്പു മുഖേന നൽകുന്ന ആനുകൂല്യങ്ങൾ

109(2361) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്കസമുദായങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പിന്നോക്ക സമുദായക്ഷേമവകുപ്പു മുഖേന നൽകുന്ന ആനുകൂല്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാനായി ഓരോ വർഷവും എത്ര തുക നീക്കിവച്ചു എന്നും അതിൽ എത്ര തുക വീതം ചെലവിട്ടുവെന്നും വെളിപ്പെടുത്തുമോ ;

(സി) ഇതുമുഖേന ഓരോ വർഷവും എത്ര കുട്ടികൾക്കുവീതം പ്രയോജനം ലഭിച്ചു ; വിശദമാക്കുമോ ?

ഉത്തരം

(എ) പിന്നോക്ക സമുദായക്ഷേമ വകുപ്പ് ഇതേവരെ രൂപീകരിച്ചിട്ടില്ല. പട്ടികജാതി വികസന വകുപ്പ് മുഖേന നൽകി വരുന്ന ആനുകൂല്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. +1, +2 കോഴ്സുകൾക്ക് പഠിക്കുന്ന 44,500 രൂപ വരെ വാർഷിക വരുമാന പരിധിയുള്ള മറ്റ് പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും എല്ലാവിധ ഫീസാനുകൂല്യങ്ങളും നൽകി വരുന്നു. ഡിഗ്രി തലത്തിൽ പഠിക്കുന്ന 25,000 രൂപ വരെ വാർഷിക വരുമാന പരിധിയുള്ളവർക്ക് മുഴുവൻ ഫീസാനുകൂല്യങ്ങളും നൽകി വരുന്നു. പി.ജി./ പ്രൊഫഷണൽ/പോളിടെക്നിക് കോഴ്സുകൾക്ക് പഠിക്കുന്ന 42,000 രൂപ വരെ വാർഷിക വരുമാന പരിധിയുള്ള മറ്റ് പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, മുഴുവൻ ഫീസാനുകൂല്യം എന്നിവ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇതു കൂടാതെ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട OBC വിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിവരുന്നു.

(ബി) പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനായി നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

(തുക ലക്ഷത്തിൽ)

വർഷം	വിഹിതം		ചെലവ്	
	പ്ലാൻ	നോൺപ്ലാൻ	പ്ലാൻ	നോൺപ്ലാൻ
2006-07	2035.00	2200.00	2040.05	2224.10
2007-08	422.00	6710.74	422.12	6731.42
2008-09	300.00	5000.00	299.84	5983.50
2009-10	450.00	6500.00	450.00	5666.55
2010-11	729.00	6500.00	729.00	3809.00
				(31-12-2010 വരെ)

(സി) ആനുകൂല്യം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വർഷം	വിദ്യാർത്ഥികളുടെ എണ്ണം
2006-07	135587
2007-08	112955
2008-09	199432
2009-10	109541
2010-11	86372

(31-12-2010 വരെ)

ഭൂരഹിത പട്ടികജാതിക്കാർക്ക് വീടു വയ്ക്കാൻ ഭൂമി വാങ്ങി നൽകുന്ന പദ്ധതി

110(2362) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിത പട്ടികജാതിക്കാർക്ക് വീടു വയ്ക്കാൻ ഭൂമി വാങ്ങി നൽകുന്ന പദ്ധതിപ്രകാരം, എത്ര പേർക്ക് ഭൂമി വാങ്ങി നല്കിയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly